(സി) ഓട്ടോക്ലേവ്, ഇ.റ്റി.ഒ., സ്റ്റെറിലൈസർ, അൾട്രാസോണിക് ക്ലീനർ ആന്റ് വാഷർ, ഹൈഡ്രജൻ പെറോക്സൈഡ് സ്റ്റെറിലൈസർ തുടങ്ങിയ സംവിധാനങ്ങൾ ഇതിനായി ഉപയോഗിക്കുന്നുണ്ട്. ഇതിനായി പ്രത്യേക വിഭാഗവും പരിശീലനംലഭിച്ച ജീവനക്കാരും സർക്കാർ മെഡിക്കൽ കോളേജു കളിൽ ലഭ്യമാണ്.

(ഡി) ഇതിന്റെ നടത്തിപ്പിനായി യോഗ്യരായ സി.എസ്.ആർ. ടെക്നീഷ്യൻ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിച്ച് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

മെഡിക്കൽ കോളേജുകളിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ

65 (8125) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മെഡിക്കൽ കോളേജുകളിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ആശുപത്രികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പദ്ധതി നടപ്പിലാക്കാൻവേണ്ടിയിരുന്ന തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളുടെയും ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വിഭാഗവുമായി ബന്ധപ്പെടുത്തി ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ ആരംഭിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വിഭാഗവുമായി ബന്ധപ്പെടുത്തി പ്രത്യേക ലബോറട്ടറികൾ, ലബോറട്ടറികളിൽ ആവശ്യമായ ആധുനിക ചികിത്സാ ഉപകരണങ്ങൾ എന്നിവ ആവശ്യമാണ്. കൂടാതെ ഇതിനായി വൈദഗ്ധ്യം നേടിയ ജീവനക്കാരും ആവശ്യമാണ്. എംബ്രിയോളജിസ്റ്റിന്റെ സേവനവും ഉറപ്പാക്കേണ്ടതുണ്ട്.

(ഡി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് എസ്.എ.റ്റി. ആശുപത്രിയിൽ പി.എം.എസ്.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ ഐ.വി.എഫ്. ചികിത്സ ആരംഭിച്ചശേഷം ഇവിടെ 4 കുട്ടികൾക്ക് ഇതിലൂടെ ജന്മം നൽകിയിട്ടുണ്ട്. കൂടാതെ 5 മെഡിക്കൽ കോളേജുകൾക്കുമായി 10 കോടി രൂപ പ്രസ്തുത പദ്ധതിക്കായി സർക്കാർ വകയിരുത്തിയിട്ടുണ്ട്.

(ഇ) വളരെ ചെലവേറിയ ചികിത്സാരീതിയായതിനാൽ ലാഭം ലാക്കാക്കാതെ ചികിത്സയ്ക്കും മരുന്നിനുമുള്ള ചെലവ് ചികിത്സ ലഭിക്കേണ്ട ആളിൽനിന്നും ഈടാക്കാനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

66 (8126) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഈ വർഷത്തെ അഡ്മിഷൻ പൂർത്തിയായിട്ടുണ്ടോ ;

(ബി) സർക്കാരുമായി ധാരണയിൽ എത്താതെ ഏതു സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് സ്വന്തമായി പ്രവേശനം നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) അപ്രകാരം പ്രവേശനം പൂർത്തീകരിച്ചാൽ സംസ്ഥാനത്ത് ഏതു ഗവൺമെന്റ് മെറിറ്റ് സീറ്റുകളാണ് നഷ്ടപ്പെടുന്നത് ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly